**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2890** — **03-08-2021 - ൽ മറുപടിയ്ക്ക്**

**പരിശോധനയില്ലാതെ വാഹന രജിസ്ട്രേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വാഹന പരിശോധനയില്ലാതെ തന്നെ വാഹന രജിസ്ട്രേഷൻ എന്ന നയം നടപ്പാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. കേന്ദ്ര സർക്കാർ വിജ്ഞാപനം GSR 240(E) അനുസരിച്ച് ഭേദഗതി ചെയ്ത കേന്ദ്ര മോട്ടോർ വാഹന ചട്ടം 48 B പ്രകാരം പൂർണ്ണമായും ഫാക്ടറി നിർമ്മിത ബോഡിയോടു കൂടിയ വാഹനങ്ങളെയാണ് രജിസ്ട്രേഷനു വേണ്ടിയുള്ള പരിശോധനയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. ഷാസി വാങ്ങി ബോഡി നിർമ്മിക്കുന്ന വാഹനങ്ങളെ ഇതിൽ നിന്നും ഒഴിവാക്കിയിട്ടില്ല. മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ പദവിയിലുള്ള ഉദ്യോഗസ്ഥന് ഡീലറുടെ പക്കൽ വിൽപ്പനയ്ക്കായി സൂക്ഷിച്ചിട്ടുള്ള ഏതു വാഹനവും പരിശോധിക്കാൻ വ്യവസ്ഥയുണ്ട്. |
| (ബി) | ഇതുപ്രകാരം ഉപഭോക്താക്കൾ ഉദ്ദേശിച്ച വാഹനം തന്നെയാണ് അവർക്ക് ലഭിക്കുന്നത് എന്ന് ഉറപ്പാക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വിശദമാക്കുമോ; | (ബി) | വാഹനം തെരഞ്ഞെടുക്കുന്ന വേളയിൽ അതിന്റെ എഞ്ചിൻ നമ്പർ, ഷാസി നമ്പർ, വാഹനത്തിന്റെ നിറം, ഇനം എന്നിവ ഡീലറിൽ നിന്നും വാങ്ങി സൂക്ഷിക്കുകയും രജിസ്ട്രേഷനു ശേഷം വാഹനം ഡെലിവറി ചെയ്യുമ്പോൾ വാഹനത്തോടൊപ്പം ലഭിക്കുന്ന രേഖകളോടൊത്തു നോക്കി ഉപഭോക്താക്കൾക്ക് തങ്ങൾ ഉദ്ദേശിച്ച വാഹനം തന്നെയാണ് ലഭിച്ചിരിക്കുന്നത് എന്ന് ഉറപ്പുവരുത്താവുന്നതാണ്. ഇതിൽ ഏതെങ്കിലും വ്യത്യാസം കാണുന്ന പക്ഷം ബന്ധപ്പെട്ട രജിസ്റ്ററിംഗ് അതോറിറ്റി മുൻപാകെ പരാതി സമർപ്പിച്ചാൽ ഡീലർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | വാഹനങ്ങൾ കാണാതെ ഫിറ്റ്നസ് നൽകുമ്പോൾ വാഹനത്തിന്റെ ന്യൂനതയുടെ ഉത്തരവാദിത്തം ആർക്കാണെന്ന് അറിയിക്കുമോ; | (സി) | കേന്ദ്ര മോട്ടോർ വാഹനചട്ടം 16(1) ലെ വ്യവസ്ഥയനുസരിച്ച് പൂർണ്ണമായും ഫാക്ടറി നിർമ്മിത ബോഡിയോടു കൂടിയ വാഹനങ്ങൾക്ക് പ്രത്യേക പരിശോധന കൂടാതെ തന്നെ അവയുടെ രജിസ്ട്രേഷൻ തീയതി മുതൽ രണ്ടുവർഷത്തെ കാലാവധിയിലേക്ക് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്. കേന്ദ്ര സർക്കാർ അംഗീകൃത സ്ഥാപനമായ Automotive Research Association of India അംഗീകൃത സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുള്ള |

| | | | |
|---|---|---|---|
| | | | വാഹനങ്ങൾ മാത്രമാണ് രജിസ്റ്റർ ചെയ്യാൻ അനുമതിയുള്ളത്. വാഹനത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളും അതാതു നിർമ്മാതാക്കൾ ആണ് VAHAN എന്ന കേന്ദ്രീകൃത പോർട്ടലിൽ Upload ചെയ്യുന്നത്. ആയതിനാൽ വാഹനത്തിന്റെ ന്യൂനതയുടെ ഉത്തരവാദിത്തം അതാതു വാഹന നിർമ്മാതാക്കളിൽ നിക്ഷിപ്തമാണ്. |
| (ഡി) | പുതിയതായി രജിസ്റ്റർ ചെയ്യുന്ന ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് ഫിറ്റ്നസ് നൽകുന്ന നിലവിലെ രീതിയുടെ വിശദാംശം നൽകുമോ; | (ഡി) | മോട്ടോർ വാഹന ചട്ടം 1988 ലെ സെക്ഷൻ 56 ൽ എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ആവശ്യമാണെന്ന് നിഷ്കർഷിച്ചിരിക്കുന്നു. കേന്ദ്ര മോട്ടോർ വാഹന നിയമം 1989 ലെ റൂൾ 62 ലാണ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിന്റെ കാലാവധിയും നടപടിക്രമങ്ങളും വിശദീകരിച്ചിരിക്കുന്നത്. നിയമം 62 ലെ സബ് റൂൾ - 1, പ്രൊവിഷൻ -1 ചുവടെ ചേർക്കുന്നു. “Provided that the renewal of a fitness certificate shall be made only after an inspecting officer or authorized testing stations as referred to in sub-section(1) of section 56 of the Act has carried the tests specified in the Table given below, namely:-----(Table)” ഇതിൽ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് പുതുക്കുവാൻ വാഹന പരിശോധന നിർബന്ധമാണെന്ന് പ്രതിപാദിക്കുന്നു. എന്നാൽ ഒരു വാഹനത്തിനു ആദ്യമായി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകുന്നതിന് വാഹന പരിശോധന നിർബന്ധമാണെന്ന് നിഷ്കർഷിക്കുന്നില്ല. ഇതേ സബ് റൂളിലെ പ്രൊവിഷൻ - 4 ചുവടെ ചേർക്കുന്നു. “Provided further that no fitness certification shall be required at the time of registration for new transport vehicle sold as fully built vehicle and such vehicle shall be deemed to be having certificate of fitness for a period of two years from the date of registration” ഇതിൻ പ്രകാരം പൂർണമായും ഫാക്ടറി നിർമിത ബോഡിയോട് കൂടി വില്പന നടത്തുന്ന വാഹനങ്ങൾക്ക് പ്രത്യേകമായി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ആവശ്യമില്ല. എന്നാൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിനു രണ്ടു വർഷം കാലാവധിയുള്ളതായി കണക്കാക്കണമെന്നും നിഷ്കർഷിക്കുന്നു. മേൽ വിവരിച്ചിരിക്കുന്ന സാഹചര്യങ്ങളിൽ നിന്നും പൂർണമായും ഫാക്ടറി നിർമ്മിത ബോഡിയോട്ടു കൂടിയ വാഹനങ്ങൾക്ക് ആദ്യമായി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകുന്നതിന് വാഹന പരിശോധന ആവശ്യമില്ല എന്നുള്ളത് നിയമാനുസൃതമാണ് . ക്യാബിൻ - ഷാസി മാത്രമായി വാങ്ങി ബോഡി ലോക്കൽ ആയി നിർമ്മിക്കപ്പെടുന്ന വാഹനങ്ങൾക്കു നിലവിൽ വാഹന പരിശോധനക്കു |

| | | | |
|---|---|---|---|
| | | | ശേഷം മാത്രമാണ് രജിസ്ട്രേഷനും ഒപ്പം ഫിറ്റ്നസ്സും നൽകുന്നത്. |
| (ഇ) | സംസ്ഥാനത്ത് ട്രാൻസ്പോർട്ട് വാഹനങ്ങളിൽ പ്രത്യേക സംവിധാനങ്ങൾ എന്തെങ്കിലും പുതുതായി ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കമ്പനികൾ നിർമ്മിക്കുന്ന ട്രാൻസ്പോർട്ട് വാഹനങ്ങളിൽ അവ പാലിക്കപ്പെടുന്നു എന്ന് ഉറപ്പാക്കുന്നതെങ്ങനെയെന്ന് വ്യക്തമാക്കുമോ? | (ഇ) | ട്രാൻസ്പോർട്ട് വാഹനങ്ങളിൽ പ്രത്യേകമായി ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനങ്ങൾ speed limiting device-ഉം Vehicle location tracking device-ഉം ആണ്. പുതുതായി രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങളിൽ speed limiting device in built ആയിട്ടാണ് വാഹനം ലഭ്യമാകുന്നത്. ഈ വിവരം പ്രാഥമിക ഫിറ്റ്നസ്സ് രേഖയായ ഫോം.22-ൽ രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. Vehicle tracking device അതാത് രജിസ്റ്ററിംഗ് അതോറിറ്റിയെ സമീപിച്ച് ടാഗ് ചെയ്യേണ്ടതാണ്. |

സെക്ഷൻ ഓഫീസർ